# Commercialization of Womenhood

**Bincy C.J.**

*Assistant Professor on contract, Dept. of. Malayalam , Pavanatma College, Murickassery*
*Email: annjamessh@gmail.com*

**Article History**

Received: 10 March 2018

Received in revised form: 15 May 2018

Accepted: 21 May 2018

**KEY WORDS:**

Renaissance, Literacy, Commercialization,

## Regional Language (Malayalam)

### Abstract

Women of the Renaissance period in Kerala has portrayed as literate. But unfortunately this woman who came to the forefront of the society and the one who have always expected to be confined to the kitchen has been severely exploited by the commercial world. The media is always prone to present her as a commodity. As the most popular social organization, the media ever tends to offer a highly complicated world for the woman folk .This hostile attitude towards woman is implicitly explicited even in the metaphors where woman hood is being celebrated. Therefore this study is an exploration to the anti-woman attitude of the contemporary social media.

## കമ്പോളവൽക്കരിക്കപ്പെടുന്ന പെൺകാലങ്ങൾ

ഡോ.ബിൻസി സി.ജെ.

**സംഗ്രഹം**

സാക്ഷരയായ സ്ത്രീയെയാണ് നവോത്ഥാന കേരളം അഭിസംബോധന ചെയ്തത്. അടുക്കളയിൽ നിന്നും അരങ്ങത്തെത്തിയ സ്ത്രീയെ കമ്പോളം പിടിച്ചെടുക്കുന്ന കാഴ്ചയാണ് പിന്നീട് മാധ്യമങ്ങളിൽ ദർശിക്കാൻ കഴിഞ്ഞത്. ജനപ്രിയ സാംസ്കാരിക സ്ഥാപനമായ മാധ്യമങ്ങൾ പ്രശ്ന സങ്കീർണ്ണമായ ലോകമാണ് സ്ത്രീകൾക്കായി തുറക്കുന്നത്. സ്ത്രീയെ വിശേഷിപ്പിക്കുന്ന പ്രത്യേക രൂപകങ്ങളിൽ പോലും സ്ത്രീവിരുദ്ധതയാണ് മറഞ്ഞിരിക്കുന്നത്. സമകാല മാധ്യമങ്ങളിലെ സ്ത്രീവിരുദ്ധതയാണ് ഇവിടെ അന്വേഷിക്കുന്നത്.

**താക്കോൽ വാക്കുകൾ ( Key words):** നവോത്ഥാനം,കമ്പോളവൽക്കരണം, സാക്ഷരത

**ആമുഖം**

നവോത്ഥാന കാല എഴുത്തുകാരുടെ മുഖ്യപ്രമേയങ്ങളിലൊന്ന് സ്ത്രീസാക്ഷരതയായിരുന്നു.(ഉദാ:ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു) സ്ത്രീവിമോചനം സാക്ഷരതയിലൂടെ മാത്രമേ സാധ്യമാകൂ എന്നത് ഒരു നവേത്ഥാനകാല ആശയം കൂടിയായിരുന്നു. സ്ത്രീ വിമോചനം രാഷ്ട്രവിമോചനവുമായി പിണഞ്ഞു കിടക്കുന്നുവെന്ന് അഗ്നിസാക്ഷിയിൽ ലളിതാംബികഅന്തർജ്ജനം രേഖപ്പെടുത്തി. കോവിലും പ്രതിഷ്ഠയുമായിത്തീർന്ന, അടുക്കളയിലെ തേഞ്ഞുതീരുന്ന വീട്ടുപകരണമാണ് സ്ത്രീയെന്ന് സാവിത്രി രാജീവൻ കുറിക്കുന്നുണ്ട്. മുതലാളിത്തവ്യവസായയുഗത്തിൽ വിദ്യാഭ്യാസം സാർവത്രികമാകുന്നതോടെ സ്ത്രീപദവിക്കും

ISSN-2455-0736 (Print)
ISSN-2456-4052 (Online)

അവൾനേരിടുന്ന പ്രശ്നങ്ങൾക്കും മാറ്റമുണ്ടായി. അടുക്കളയിൽനിന്നും അരങ്ങത്തെത്തിയ സാക്ഷരയും ഉദ്യോഗസ്ഥയുമായ സ്ത്രീ നേരിട്ടത് നാഗരികജീവിതത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളെയായിരുന്നു. വ്യവസായയുഗത്തിന്റെ സങ്കീർണ്ണത അവളുടെസമൂഹത്തെയും രണ്ടായി പിളർത്തി. സാക്ഷരയായ സ്ത്രീ നാഗരീകയും നിരക്ഷരയായ സ്ത്രീ പ്രാകൃതയുമായി വിലയിരുത്തപ്പെട്ടു. കമ്പോളവൽക്കൃതസമൂഹം നിർമ്മിച്ച കൃത്രിമ ദ്വന്ദമായിരുന്നു ഇത്. ഈ ദ്വന്ദങ്ങളുടെ സ്വാധീനം സ്ത്രീജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രത്യേകിച്ച് മാധ്യമരംഗത്തും പ്രകടമാണ്.

**അരങ്ങത്തെത്തിയ സ്ത്രീയും സാക്ഷരതയും**

ഇരുപതാം നൂറ്റണ്ടിന്റെ ആദ്യപാദങ്ങളിൽ തന്നെ വനിതകൾക്ക് പ്രത്യേകമായി മാസികകൾ ഉണ്ടായി.സ്ത്രീവിദ്യാഭ്യാസം പോലും നിഷേധിക്കപ്പെട്ടിരുന്ന മുൻനൂറ്റാണ്ടുകളെ അപേക്ഷിച്ച് സ്ത്രീവിദ്യാഭ്യാസത്തിന് പ്രാധാന്യം കല്പിക്കാൻതുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. സ്ത്രീകളുടെ സർവതോൻമുഖമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയായിരുന്നു ഇക്കാലത്ത് രംഗപ്രവേശം ചെയ്ത വനിതാമാസികകൾ.1886–ൽ തിരുവനന്തപുരത്തുനിന്നും കേരളവർമ,കെ.ചിദംബരവാര്യർ,എൻ.സി.നാരായണപിള്ള എന്നിവരുടെ നേതൃത്വത്തിൽ 'കേരളീയസുഗുണബോധിനി'□□□ എന്നൊരുമാസിക ആദ്യമായി ഉടലെടുത്തു. സ്ത്രീകളുടെ വിദ്യാഭ്യാസം, സാമൂഹികപുരോഗതി, അവരുടെ ഉത്ക്കർഷത്തിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ എന്നിവ ആരായുകയായിരുന്നു അതിന്റെലക്ഷ്യം. എങ്കിലും ഇതിന്റെ പത്രനായകരും ലേഖകരും പുരുഷൻമാരോ പ്രശസ്ത എഴുത്തുകാരുടെ ഭാര്യമാരോ ആയിരുന്നു. കഥകൾക്കുമാത്രമായി പ്രസിദ്ധീകരിച്ച 'കഥാകൗമുദിയുടെ പത്രാധിപ ഇ.വി.കൃഷ്ണപിള്ളയുടെ ഭാര്യ കെ.മഹേശ്വരിയമ്മയായിരുന്നു. എന്നാൽ പിന്നീട് വനിതാലേഖകരും പത്രാധിപകളും മുന്നോട്ടുവന്നു. 1905–ൽ തൃശ്ശൂർ നിന്നും ടി.ബി.കല്ല്യാണിയമ്മയുടെയും ടി.സി.കല്ല്യാണിയമ്മയുടെയും പത്രാധിപത്യത്തിൽ ആരംഭിച്ച 'ശാരദ'യാണ് □□സ്ത്രീകൾ തന്നെ സ്ത്രീകൾക്കുവേണ്ടി പ്രസാധനം ചെയ്ത ആദ്യമാസിക. ഗൃഹഭരണം, ശിശുപാലനം, പരിസരശുചിത്വം മുതലായി സ്ത്രികൾ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൽ ഈ മാസികയിൽ ഉൾക്കെള്ളിച്ചിരുന്നു.കെ.എം.കുഞ്ഞുകെട്ടിലമ്മ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ച 'മഹിളാരത്നം (1915),ബി.ഭഗീരഥി അമ്മ പത്രാധിപയായി പ്രകാശിപ്പിച്ചിരുന്ന മഹിള(1921) എന്നിവയും 'വനിതാ, 'മിത്രമുസ്ലിം 'വനിത, 'മഹിളാചന്ദ്രിക തുടങ്ങിയവയും പരിഗണനയർഹിക്കുന്നു. സ്ത്രീകളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനും അവരിൽ സാമൂഹികബോധം വളർത്താനും വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താനും ഈ മാസികകളുടെ പ്രവർത്തനം സഹായിച്ചു. മാത്രമല്ല കൂടുതൽ വനിതാഎഴുത്തുകാരെ മുന്നോട്ടുവരാൻ പ്രേരിപ്പിക്കുകയും ചെയ്തു. സ്ത്രീസാക്ഷരതയിലും സ്ത്രീയെ അടുക്കളയിൽനിന്നും അരങ്ങത്തേക്കെത്തിക്കുന്നതിലും ആദ്യകാലവനിതാമാസികകൾ നിസ്തുലമായ പങ്കുവഹിച്ചു.

**അരങ്ങത്തെത്തിയ സ്ത്രീയും കമ്പോളവും**

സാക്ഷരയായ സ്ത്രീയെയാണ് നവോത്ഥാനകേരളം അഭിസംബോധന ചെയ്തത്. മംഗളം മനോരമ തുടങ്ങിയ മാസികകൾ സ്ത്രീയുടെ ആകാംഷയെ പൂരിപ്പിച്ചുകെണ്ട് അവളെ അടുക്കളയിൽതന്നെ തളച്ചിടുന്നു.സ്ത്രീമാസികകൾ തന്നെ നാഗരികസ്ത്രീയെയും ഗ്രാമീണസ്ത്രീയെയും സൃഷ്ടിക്കുന്നു. 'വനിത', 'ഗൃഹലക്ഷ്മി'□ തുടങ്ങിയ മാസികകൾ സ്വീകരണമുറിയിലെ ടീപ്പോ അലങ്കരിക്കുമ്പോൾ 'മനോരമ'യും 'മംഗള'വും കാണാമറയത്താണ്. നിർമ്മാണത്തിൽ നിലവാരം കുറച്ച മാസികകൾ അധസ്ഥിതവർഗ്ഗ സ്ത്രീയെയും അലങ്കാരം വർദ്ധിപ്പിച്ച മാസികകൾ ഉപരിവർഗ്ഗ സ്ത്രീയെയും നർമ്മിച്ചു. കവർചിത്രം മുതൽ ഡോക്ടറോടു ചോദിക്കാനുള്ള സംശയങ്ങൾ വരെയും ഇതിന് ഉദാഹരണങ്ങളാണ്. സാക്ഷരയായി അരങ്ങിലെത്തിയ സ്ത്രീയെ അവളറിയാതെ കമ്പോളം പിടിച്ചെടുക്കുന്നു. ഇത് ചിലപ്പോൾ ഋതുഭേദങ്ങളുടെ പശ്ചത്തലത്തിലാകാം, ഇഷ്ടതാരങ്ങളുടെ അഭിരുചിയിലൂടെയുമാകാം. പരസ്യങ്ങൾ പലപ്പോഴും പരസ്യങ്ങൾക്കും അപ്പുറത്ത് സ്ത്രീശരീരത്തിന്റെ പ്രദർശനമാകുന്നു. ധാത്രി ഹെയർകെയർ പ്ലസ് ഹെർബൽഓയിലിന്റെ പരസ്യത്തിന് മാന്യമായി വസ്ത്രധാരണം ചെയ്ത ഒരു പുരുഷനെ കാണിക്കുമ്പോൾ സിൽക്ക്സാരിയുടെ സാരിയുടെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയെ ശ്രദ്ധിച്ചാൽ ഇതുവ്യക്തമാണ്. സ്ത്രികളുടെ സുഹൃത്തും വഴികാട്ടിയുമായമാസികകളിൽ പുരുഷൻമാർ അറിയെണ്ടകാര്യങ്ങളും കുറവല്ല. സ്ത്രീ മാസികകളിൽ മാറി മാറി വരുന്ന പംക്തികൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്ന ഒരു കൂട്ടം സ്ത്രീകളെങ്കിലും കമ്പോളവൽക്കരണത്തിന്റെ പിടിയിലാണ്, സൗന്ദര്യ വർദ്ധകസാധനങ്ങൾ മുതൽ ഭക്ഷണം വരെ. അടുക്കളയിൽ നിന്നും അരങ്ങത്തെത്തിയ സത്രീയെ അടുക്കളയാടു കൂടിയ സ്ത്രീ എന്ന നിലയിൽ തന്നെയാണ് ഈ മാസികകൾ പരിചയപ്പെടുത്തുന്നത്.

സമൂഹത്തിലെ ഉന്നതരായ/പ്രശസ്തരായ പുരുഷൻമാരുടെ ഭാര്യമാരെയും അവരുടെ ഭർത്താവിന്റെ ഇഷ്ടങ്ങളെയുമൊക്കെ പരിചയപ്പെടുത്തുക വനിതാമാസികകളുടെ പതിവാണ്. ഇത്തരം സാഹചര്യങ്ങൾ സ്ത്രീയെ ഒരു പുരുഷന്റെ ലേപബലിൽ മാത്രം ഒതുക്കിനിർത്തുകയാണ്. സ്ത്രീമാസികകളുടെ പേരുകളിൽ തന്നെ ഒരു സ്ത്രീവിരുദ്ധത ഒളിഞ്ഞിരിപ്പുണ്ട്. ഗൃഹലക്ഷ്മി, കന്യക, സ്ത്രീ, മഹിളാരത്നം, വനിത :

ഈ പേരുകൾ തന്നെ സ്ത്രീകൾക്ക് പരിമിതമായ ഒരു ലാകം സൃഷ്ടിക്കുന്നു.

**മാധ്യമങ്ങളുടെ രക്ഷാപ്രവർത്തനം**

സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന അവഗണനയും അപമാനവും സ്വാഭാവികമെന്ന് തോന്നിപ്പിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് വലുതാണ്.പല ടി.വി.പ്രോഗ്രാമുകളും കുടുംബത്തിൽ ഭാര്യയും ഭർത്താവും എത്രത്തോളം തുല്യരാണ് എന്ന അന്വേഷണത്തിൽ തുടങ്ങുന്നു. ഈ അന്വേഷണം ആഘോഷിക്കുന്നത് ഹൈ ക്ലാസ്സ് കുടുംബങ്ങൾ മാത്രമാണ്. സ്ത്രീകൾ ചെയ്യുന്ന അക്കൗണ്ട് ചെയ്യപ്പെടാത്ത പല ജോലികളും പുരുഷൻമാരെ ഏല്പ്പിച്ചാൽ ഒരു തമാശയായിത്തീരും അതുകൊണ്ട് ഇതെല്ലാം സ്ത്രീകൾതന്നെ ചെയ്യട്ടെ എന്ന് അവാച്യമായിപ്പറയാൻ ഇതിനു കഴിയുന്നു. കഥയല്ല ജീവിതമെന്നതാണല്ലോ ജീവിതം എക്കാലവും നേരിടുന്ന വെല്ലുവിളി. കണ്ണീരിൽ കുതിർന്ന സ്ത്രീജന്മങ്ങൾ ഇവിടെ കഥയാവുകയാണ്, പ്രേക്ഷകർ കരുണരസത്തോടെയോ ശോകഭാവത്തോടെയോ അത് ആസ്വദിക്കുകയല്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വൈവാഹികജീവിതം ഒരു ഗെയിമായി മാറുകയും അതിന്റെ വിധി ചാനലുകൾ നിർണ്ണയിക്കുകയും ചെയ്യുന്നു: അടുക്കളരഹസ്യം ഇവിടെ അങ്ങാടി പാട്ടാകുന്നു.

**സീരിയലുകൾ**

സീരിയലുകളിൽ അധികവും പേരുകൊണ്ട് സ്ത്രീത്വം ധ്വനിപ്പിക്കുന്നവയാണ്.അമ്മുവിന്റെ അമ്മ, ഗൗരി,പ്രിയമാനസം,ഭാര്യ,അയലത്തെ സുന്ദരി,നന്ദിനി, നാഗകന്യക, സ്ത്രീപദം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ടെലിവിഷനുമുന്നിലിരുന്ന് കണ്ണുനീർവാർക്കുന്ന ഒരു കൂട്ടം സ്ത്രീകളെ സൃഷ്ടിക്കുകയാണ് ഇവ ചെയ്യുന്നത്. ഒരു പോസറ്റീവ് എനർജി സ്ത്രീകൾക്കുനൽകാൻ ഇവയ്ക്കുകഴിയാറില്ല. എല്ലാത്തിനും പരിഹാരം കരച്ചിൽ മാത്രമാണെന്നും എന്തും സഹിക്കുന്നവൾ ആദർശവനിതയാണെന്നുമുള്ള മിഥ്യാധാരണ സാധാരണക്കാരായ സ്ത്രീകൾക്ക് ഇതു നൽകുന്നു. കുടുംബസദസ്സുകളുടെയും പ്രാർത്ഥനയുടെയും സമയംപോലും നിയന്ത്രിക്കുന്ന ഒന്നായി ഈ സീരിയലുകൾ മാറുന്നു. അമ്മ,ഭാര്യ,വീട്ടമ്മ,കാമുകി എന്നീ മുഖങ്ങൾ മാത്രമാണ് സ്ത്രീയ്ക്ക് മാധ്യമങ്ങൾ നൽകുന്നത്. ഇങ്ങനെ നോക്കുമ്പോൾ സ്ത്രീയുടെ ഇച്ഛാത്മക വ്യക്തിത്വത്തെ നഷ്ടപ്പെടുത്തി കുടുംബിനി, അമ്മവിളക്ക് ഗൃഹലക്ഷ്മി തുടങ്ങിയ സ്ത്രീവിരുദ്ധ സംപ്രത്യയങ്ങളിലേക്ക് വെട്ടിച്ചുരുക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്.

റിയാലിറ്റിഷോകളിലെ അവതാരികമാരുടെ സംസാരഭാഷയും, ശരീരഭാഷയും, വസ്ത്രധാരണരീതിയും സ്ത്രീകൾക്ക് ആരോഗ്യപരമായ അന്തരീക്ഷം നഷ്ടപ്പെടുത്തുന്നുണ്ട്. കമ്പോളകാലത്തെ തൃപ്തിപ്പെടുത്താൻ എങ്ങനെയെല്ലാം അണിഞ്ഞൊരുങ്ങാം എന്നാണ് ചിലപരിപാടികളിൽ(സിന്ദൂരം) പറയുന്നത്.
സമകാല മാധ്യമങ്ങൾ സ്ത്രീകൾക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളധികവും സ്ത്രീവിരുദ്ധമായിത്തീരുന്നു. സ്ത്രീയെ കമ്പോളവൽക്കരിക്കുന്ന ഇടങ്ങൾ സ്ത്രീതിരിച്ചറിയുകയും ഒരു വില്പനചരക്കും, മേക്കപ്ബോക്സും, പ്രദർശനവസ്തുവുമായിമാറില്ല എന്ന് സ്ത്രീ തീരുമാനിക്കുകയും ചെയ്താലേ സ്ത്രീവിരുദ്ധയ്ക്ക് മാറ്റമുണ്ടാകൂ. രാഷ്ട്രീയവും സാമൂഹികവും സാമ്പത്തീകവും സർവ്വോപരി വ്യക്തിപരവുമായ തിരിച്ചറിവിലേക്കു സ്ത്രീ വളരേണ്ടിയിരിക്കുന്നു.

**ഉപസംഹാരം**

അടുക്കളയിൽ നിന്നും അരങ്ങത്തേക്കെത്തിയ സാക്ഷരയായ സ്ത്രീയുടെ ഇച്ഛാത്മകവ്യക്തിത്വത്തെ ചോർത്തിക്കളയുകയും അവളെ കേവലം ശരീരമാക്കി അവതരിപ്പിക്കുകയുമാണ് സമകാലമാധ്യമങ്ങൾ ചെയ്യുന്നത്. ഗൃഹലക്ഷ്മി, അമ്മക്കിളി തുടങ്ങി പൈങ്കിളി വൽക്കരിക്കപ്പെട്ട സ്ത്രീ പ്രത്യയങ്ങളും പ്രോഗ്രാമുകളും സ്ത്രീവിരുദ്ധമായിത്തന്നെയാണ് നിലകൊള്ളുന്നത് .

അടുക്കള, കുടുംബം എന്നീ സ്ഥാപനങ്ങളുടെ ആദർശവൽക്കരണം തന്നെയാണ് സമകാലമാധ്യമങ്ങൾ സാധ്യമാക്കുന്നത്.

അടുക്കളയിലെ സ്ത്രീ – തേഞ്ഞുതീരുന്ന വീട്ടുപകരണം – രുചികരമായ ഭക്ഷണം പാചകം ചെയ്യുകയും വിളമ്പുകയും ചെയ്യുന്ന അനുസരണയുള്ള യന്ത്രം; കുടുംബിനി – ഇഷ്ടപ്പെട്ടകളിപ്പാവ – എന്ന വാസ്തവത്തെ മറച്ചുവെച്ച് അവൾക്ക് ശ്രീമതി പട്ടം നൽകുന്നു. അവളുടെ എല്ലാ സർഗ്ഗാത്മക പ്രവർത്തനങ്ങളും അടുക്കളയിൽ വെന്തെടുക്കുന്നതാണെന്നും അത് പ്രശംസനീമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1. സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം,(എഡി.) പ്രൊഫ.പന്മനരാമചന്ദ്രൻനായർ,കറന്റ്ബുക്സ്,കോട്ടയം,2010
2. എഴുത്തമ്മമാർ,ഗീത,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2014.
3. അകമേപൊട്ടിയ കെട്ടുകൾക്കപ്പുറം, നിവേദിത മേനോൻ,(വിവ.ജെ.ജേവിക)സാഹിത്യപ്രവർത്തക സഹകരണസംഘം,(എൻ.ബി.എസ്) കോട്ടയം,2017.
4. നവസംക്രമണം,പ്രസിദ്ധീകരണവിഭാഗം,മഹാത്മാഗാന്ധി സർവ്വകലാശാല,കോട്ടയം,2002.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

5. ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,(എഡി.)ഡോ.കെ. എം.ജോർജ്,ഡി.സി.ബുക്സ്.കോട്ടയം,2009.
6. സ്ത്രീയും സമൂഹവും,ഡോ.മഞ്ജുള കെ.വി.,കൈരളി ബുക്സ്,കണ്ണൂർ,2005

## BIBLIOGRAPHY

1. Prof. Panmana Ramachandran Nair (Ed.). (2010). *Sampoorna Malayala Sahitya Charithram*. Kottayam: Current Books.

2. Geetha. (2014). *Ezhuthammamar*. Thiruvanathapuram:The State Institute of Languages.

3. Niveditha Menon. (2017). *Akame Pottiya Kettukalkkappuram*. (J. Devika, Trans). Kottyam: Sahithya Pravarthaka Co-operative Society.

4. M.G. University. (2002). *Nava Samkramanam*. Kottayam: Publishing Department, MG University.

5. Dr. K.M. George(Ed.). (2009). *Adhunika Malayala Sahitya Charitram Prasthanangaliloote*. Kottayam: D.C. Books.

6. Dr.Manjula K.V. (2005). *Shtreeyum Samoohavum*. Kannoor: Karirali Books.Use the “Insert Citation” button to add citations to this document.